പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 632 — 24.01. 2018 ൽ മറുപടിക്ക്

## മാവേലിക്കര അസിസ്റ്റൻറ്എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ തസ്തിക വെട്ടിക്കുറച്ച നടപടി

ചോദ്യം

ശ്രീ.ആർ.രാജേഷ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) മാവേലിക്കര എക്സിക്യൂട്ടീവ് എൻജിനീയറുടെ (ഡിസ്ട്രിബ്യൂഷൻ) കീഴിൽ 2017 നവംബർ വരെ മൂന്ന് അസിസ്റ്റന്റ്-എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ തസ്തിക ഉണ്ടായിരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്നാൽ നിലവിൽ ഇത് സീറോ പോസ്റ്റ് എന്ന നിലയിലേക്ക് മാറ്റിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;നിലവിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) ഇല്ല. Human Resource Information System പ്രകാരം 2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാർ നിലവിലുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ-ലെ എല്ലാ ഇലക്ട്രിക്കൽ ഡിവിഷനുകളിലേയ്ക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തികകൾ അതാത് ഇലക്ട്രിക്കൽ സർക്കിളിൽ ഉള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് വിന്യസിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ -ലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ന്റെ മൊത്തം തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരുത്താതെ തന്നെ ഭരണപരമായ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാറുണ്ട്. ഇതിന്റെ ഭാഗമായാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പോലുള്ള സംവിധാനങ്ങളും അവയിലെ നിയമനങ്ങളും. |
| (സി) മുൻപ് ഉണ്ടായിരുന്ന പ്രകാരം മൂന്ന് തസ്തിക ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) കെ.എസ്.ഇ.ബി.എൽ-ൽ നിലവിലുള്ള ഓഫീസുകളുടെയും ജോലികളുടേയും പുനസംഘടനയുടെ ഭാഗമായാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചത്. |

സെക്ഷൻ ഓഫീസർ